**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4653** | **26/10/2016-ൽ മറുപടിയ്ക്ക്.**

**ക്ഷീര കർഷകർക്ക് ക്ഷേമ പദ്ധതികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ .സി. ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ. എൽദോ എബ്രഹാം<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീര കർഷകരുടെ ഉന്നമനം മുൻനിറുത്തിയും ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, ലക്ഷ്യമിട്ട് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽ വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക്ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം (MSDP), ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, (IDDP) ആവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി ക്ഷീര കർഷക ക്ഷേമനിധിയുടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നിവയും നൽകി വരുന്നു. |
| (ബി) ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നമായ കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ; | (ബി) കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിന് കറവയന്ത്രം സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു.<br><br>മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ 2016-17 വർഷത്തിലേക്ക് 50% ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഉൾപ്പെടെ കറവ യന്ത്രം വാങ്ങുന്നതിനായി 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.എറണാകുളം മേഖലാ യൂണിയൻ നടപ്പ് സാമ്പത്തിക വർഷം ഒരു ഇലക്ട്രിക്ക് യന്ത്രത്തിന് 10,000 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ടു വീലറിൽ കറവയന്ത്രം |

ഘടിപ്പിച്ച് വീടുകൾ തോറും ചെന്ന് പശുക്കളെ കറന്നുകൊടുക്കുന്ന സംവിധാനമായ മിൽക്കോ ബൈക്ക്, പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം യൂണിയൻ നടപ്പിലാക്കുന്നുണ്ട്. മലബാർ മേഖലാ യൂണിയൻ മിൽമ നടപ്പാക്കുന്ന ഫാം സപ്പോർട്ട് പദ്ധതി വഴി കറവയന്ത്രം വാങ്ങുന്നതിന് സംഘങ്ങൾക്ക് 15,000/- രൂപ പ്രകാരം സബ്സിഡി നൽകി വരുന്നുണ്ട്.

(സി) ക്ഷീര സംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീര കർഷകരെ ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(സി) പരിഗണിക്കുന്നതാണ്.

ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകരെ പൂർണ്ണമായും ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

മിൽമയിലും ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സംവിധാനം ഉപയോഗിച്ച് മേഖല യൂണിയനുകളിൽ നിന്ന് ക്ഷീര കർഷകർക്ക് നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ശ്രമം നടന്നു വരുന്നു. കർഷകരുടെ അക്കൗണ്ടിലേയ്ക്ക് സബ്സിഡികൾ ട്രാൻസ്ഫർ ചെയ്യുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.